"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസം – **2026-27** അധ്യയന വർഷത്തെ **KEAM** പ്രോസ്പെക്ടസ് – ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു

**ഉന്നത വിദ്യാഭ്യാസ (ജി) വകുപ്പ്**

**G.O.(Ms)No.428/2026/HEDN** തീയതി,തിരുവനന്തപുരം, **16-06-2026**

പരാമർശം:- 1. **01.01.2026** തീയതിയിലെ സ.ഉ (എം.എസ്) **03/2026/HEDN.**

2. **03.03.2026** തീയതിയിലെ സ.ഉ (എം.എസ്) **02/2026/BCDD.**

3. **08.06.2026** ലെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ സി ഇ ഇ/**226/2026**/ടിഎ1 നമ്പർ കത്ത്.

**ഉത്തരവ്**

**2026**-ലെ **KEAM** പ്രോസ്പെക്ടസ് പരാമർശം **(1)** പ്രകാരം സർക്കാർ അംഗീകരിച്ച് ഉത്തരവായിരുന്നു. അതിൽ ക്ലോസ് **5.4.2 (a)** ലെ **ANNEXURE XI (List of Socially & Economically Backward Classes)** പ്രകാരം നിലവിലുള്ള എസ്.ഇ.ബി.സി പട്ടിക ഉൾപ്പെടുത്തിയിരുന്നു.

**2.** പരാമർശം **(2)** പ്രകാരം സംസ്ഥാന ഒ.ബി.സി പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതും നിലവിൽ സംസ്ഥാന എസ്.ഇ.ബി.സി പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്തതുമായ **28** സമുദായങ്ങളെ കൂടി വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്കായി സംസ്ഥാന എസ്.ഇ.ബി.സി പട്ടികയിൽ ഉൾപ്പെടുത്തി പട്ടിക പരിഷ്കരിച്ചിട്ടുണ്ട്.

**3.** ഇതനുസരിച്ച്, **2026-27** അധ്യയന വർഷത്തേക്കുള്ള **KEAM** പ്രോസ്പെക്ടസിലെ **ANNEXURE XI**-ൽ അനുബന്ധ ഭേദഗതി വരുത്തുന്നതിന് പരാമർശം **(3)** പ്രകാരം പ്രവേശന പരീക്ഷാ കമ്മീഷണർ അഭ്യർത്ഥിച്ചിട്ടുണ്ട്.

**4.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. **2026**-ലെ **KEAM** പ്രോസ്പെക്ടസിലെ ക്ലോസ് **5.4.2 (a)** ലെ **ANNEXURE XI (List of Socially & Economically Backward Classes)** പരാമർശം **(2)** ഉത്തരവ്

പ്രകാരം എസ്.ഇ.ബി.സി പട്ടികയിൽ ഉൾപ്പെടുത്തിയ 28 സമുദായങ്ങളെ കൂടി വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്കായി ഉൾപ്പെടുത്തി ഭേദഗതി വരുത്തി ഉത്തരവാകുന്നു.പ്രവേശന പരീക്ഷാ കമ്മീഷണർ ഇത് പ്രകാരം തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SUNIL KUMAR S**

**JOINT SECRETARY**

പ്രവേശന പരീക്ഷാ കമ്മീഷണർ, കെ എസ് ആർ ടി സി ബസ് ടെർമിനൽ കോംപ്ലക്സ്, തമ്പാനൂർ, തിരുവനന്തപുരം - **695001.**

മാനേജർ, അഡ്മിഷൻ സൂപ്പർവൈസറി **&** ഫീസ് റെഗുലേറ്ററി കമ്മിറ്റി, തിരുവനന്തപുരം.

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപൂരം.

ഡയറക്ടർ, മെഡിക്കൽ എജ്യൂക്കേഷൻ, തിരുവനന്തപുരം.

ഡയറക്ടർ, ഹയർ സെക്കൻഡറി വിദ്യാഭ്യാസം, തിരുവനന്തപുരം.

ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാഭ്യാസം, തിരുവനന്തപുരം.

ഡയറക്ടർ, എസ് സി ഇ ആർ ടി, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കാണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം.

പിന്നോക്ക വിഭാഗ വികസന (എ) വകുപ്പ്

ഇൻഫർമേഷൻ ആഫീസർ, വെബ് **&** ന്യൂ മീഡിയ, വിവര-പൊതുജനസമ്പർക്ക *വകുപ്പ്*

***www.highereducation.kerala.gov.in.***

*കരുതൽ* ഫയൽ/ഓഫീസ് കോപ്പി. **(HEDN-G3/112/2026-HEDN)**

ഉത്തരവിൻ പ്രകാരം

Signed by
Deepa N S
Date: 17-06-2026 11:18:56
സെക്ഷൻ ഓഫീസർ